(ഡി) ഈ റോഡിന്റെ 'സൈഡ്' പ്രൊട്ടക്ഷൻ പണികളും അത്യാവശ്യമായതിനാൽ എസ്റ്റിമേറ്റ് പ്രകാരവും എഗ്രിമെന്റ് പ്രകാരവും ടെണ്ടർ വിളിച്ചതുപോലെതന്നെ ഈ റോഡിന്റെ പണികളും നടത്തുന്നതിന് ആവശ്യമെങ്കിൽ പ്രത്യേകാനുവാദം നൽകി റോഡുപണി അടിയന്തിരമായി നടത്താൻ വേണ്ട നടപടികളും സ്വീകരിക്കുമോ ?

ഉത്തരം

(എ) 10-2-1986-ൽ

(ബി) നാട്ടുകാരുടെ എതിർപ്പു കാരണം.

(സി, ഡി) വിവരം ശേഖരിച്ചു വരുന്നു.

പഞ്ചായത്ത് കമ്മിറ്റികളുടെ പ്രവർത്തന സ്വാതന്ത്ര്യം

1808 [2733] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പഞ്ചായത്തു നിയമവും ചട്ടങ്ങളും പ്രകാരം പഞ്ചായത്തു കമ്മിറ്റികൾക്ക് അനുവദിക്കുന്ന പ്രവർത്തന സ്വാതന്ത്ര്യം ഗവൺമെന്റ് ഇടപെട്ട് നിഷേധിച്ചിരിക്കുന്നതായി അറിയുന്നത് ശരിയാണോ ;

(ബി) എങ്കിൽ പ്രസ്തുത സമീപനം തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശരിയല്ല.

(ബി) ഉദിക്കുന്നില്ല.

പഞ്ചായത്തുകളിലെ പാർട്ടിതെ തസ്തിക

1809 [2734] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സ.സ്ഥാനത്ത് പഞ്ചായത്തുകളിൽ പാർട്ടിതെ തസ്തികകളിലേക്ക് എ പ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം 31-10-1986 വരെ എത്ര നിയമനങ്ങൾ നടന്നു ;

(ബി) അതിൽ എത്ര പട്ടികജാതിക്കാർക്ക് നിയമനം കിട്ടി ;

(സി) ഇത് ആകെ നിയമിച്ചവരിൽ എത്ര ശതമാനം ആണ് ;

(ഡി) തൃശ്ശൂർ ജില്ലയിൽ നിയമിച്ചവരിൽ പട്ടികജാതിക്കാർക്ക് മതിയായ പ്രാതിനിധ്യം കിട്ടിയില്ലെന്നുള്ള പരാതിയെപ്പറ്റി അന്വേഷിക്കാമോ ?

ഉത്തരം

(എ) 183.

(ബി) 26.

LIBRARY ARCHIVES Kerala Legislative Assembly

(സി) 13.93%.

(ഡി) തൃശ്ശൂർ ജില്ലയിൽ ഈ വർഷം നിയമനം നടത്തുന്നതിലേക്കായി ആരെയും നാളിതുവരെ തിരഞ്ഞെടുത്തിട്ടില്ല.

പുതിയതായി നികുതി ചുമത്തിയ വീടുകൾ

1810 [2736] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഇപ്പോൾ പുതിയതായി വീടുകൾക്ക് നികുതി ചുമത്തിയിട്ടുള്ളത്;

(ബി) എത്ര കൊല്ലം കൂടുമ്പോഴാണ് പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വീട്ടുനികുതി പുതുക്കി നിശ്ചയിക്കുന്നത്;

(സി) വീട്ടുനികുതികൾ വർദ്ധിപ്പിക്കുന്നതിന്റെ മാനദണ്ഡം എന്താണ്;

(ഡി) പാലക്കാട് ജില്ലയിൽ മുതലമട പഞ്ചായത്തിൽ ഇപ്പോൾ വീട്ടുനികുതി വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്ര ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്;

(എഫ്) മുതലമട പഞ്ചായത്തിൽ അഞ്ഞൂറു ശതമാനംവരെ നികുതി വർദ്ധിപ്പിച്ചതിന്റെ പേരിൽ എന്തെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ പരാതിയുടെ പേരിൽ നികുതി ഇളവ് ചെയ്യുന്നതിന് എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) അഞ്ചുകൊല്ലം കൂടുമ്പോഴാണ് കെട്ടിടനികുതി പുതുക്കി നിശ്ചയിക്കുന്നത്.

(സി) കെട്ടിടത്തിന്റെ വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് കെട്ടിടനികുതി നിശ്ചയിക്കുന്നത്. ആറ് ശതമാനം മുതൽ പത്ത് ശതമാനം വരെ അതാത് പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിലാണ് കെട്ടിടനികുതി ഈടാക്കുന്നത്. മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ പത്തു മുതൽ ഇരുപത്തഞ്ച് ശതമാനം വരെ ഈടാക്കാവുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) നികുതിനിരക്കിന്റെ ശതമാനം വർദ്ധിപ്പിച്ചിട്ടില്ല.

(എഫ്, ജി) മുതലമട പഞ്ചായത്തിൽ കെട്ടിടനികുതി വർദ്ധിപ്പിച്ചതിനെക്കുറിച്ച് പൗരസമിതി കൺവീനറുടെ പരാതിയിൻമേൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ മലപ്പുറം പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടറോട് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ഗവൺമെന്റിന് ലഭിച്ച മറ്റൊരു പരാതിയിൻമേൽ, വർദ്ധിപ്പിച്ച നികുതി പിരിക്കുന്നത് ഗവൺമെന്റ് താൽക്കാലികമായി മരവിപ്പിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly